പ്രസിദ്ധീകരണത്തിന്

# ഇൻസുലിൻ ഇഞ്ചക്ഷൻ ടെക്നിക്കുകൾ അടങ്ങിയ നിർദ്ദേശങ്ങൾ കേരളത്തിലവതരിപ്പിച്ചു

തിരുവനന്തപുരം: പ്രമേഹരോഗികൾക്കായുള്ള ഇൻസുലിൻ കുത്തിവയ്പ്പ് ശരിയായ രീതിയിൽ നടത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ ഫോറം ഓഫ് ഇഞ്ചക്ഷൻ ടെക്നിക്ക്സ് ഇന്ത്യ (എഫ് ഐ ടി ഇന്ത്യ) കേരളത്തിലവതരിപ്പിച്ചു. വിദഗ്ധരായ എൻഡോക്രിനോള ജിസ്റ്റുകളും ഡയബറ്റോളജിസ്റ്റും ഉൾപ്പെടുന്ന സംഘമാണ് എഫ് ഐ ടി ഇന്ത്യയുടേയും അന്താരാഷ്ട്ര മെഡിക്കൽ ടെക്നോളജി കമ്പനിയായ ബി ഡി യുടെയും നേതൃത്വത്തിൽ ഈ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരിക്കുന്നത്.
ഇന്ത്യൻ ഡയബറ്റിസ് എജ്യുക്കേഷൻ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ തല സ്ഥാനത്ത് നടന്ന ഡയബറ്റിസ് അപ്ഡേറ്റ് 2013ലാണ് ഈ നിർദ്ദേശങ്ങൾ അവതരിപ്പിച്ചത്. ഇന്ത്യയിൽ നിന്ന് 75 ഉം ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്ന് 6 ഉം ആരോഗ്യ വിദ ഗ്ദ്ധർ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമാണ് എഫ് ഐ ടി ഇന്ത്യ ഈ നിർദ്ദേശ ങ്ങൾ മുന്നോട്ടുവച്ചത്.
ഇൻസുലിൻ കുത്തിവയ്പ്പ് പ്രമേഹരോഗികളുടെ ചികിത്സയുടെ ഭാഗമായി നൽകി വരാ റുള്ളതാണ്. എന്നാൽ ഇൻസുലിൻ ഉപയോഗിക്കുന്നതിനോട് മാനസികമായ വൈമുഖ്യം പോതുവേ ഇന്ത്യയിൽ കുവരാറു്. മാത്രമല്ല ഇൻസുലിൻ കുത്തിവയ്പ്പിലുാകുന്ന ചെറി യൊരു പാളിച്ച പോലും രോഗികളിലെ ഗ്ലൂക്കോസ്സ് നിലയെ കാര്യമായി ബാധിച്ചേക്കാം. അതിനാൽ കൃത്യമായ ഇൻസുലിൻ കുത്തിവയ്പ്പിലൂടെ പ്രമേഹരോഗികൾക്ക് മികച്ച ആരോഗ്യസ്ഥിതി പ്രദാനം ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് എഫ് ഐ ടി ഈ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരിക്കുന്നത്.

‘‘പലപ്പോഴും സമയദൗർലഭ്യത്താൽ ഓരോ രോഗികളോടും ഇൻസുലിൻ ഉപയോഗ ത്തിന്റെ സൂക്ഷമവശങ്ങളെപ്പറ്റി വിശദമാക്കാൻ ഒരു ഡോക്ടറിന് സാധ്യമായെന്ന് വരില്ല. ഈ സാഹചര്യത്തിൽ എഫ് ഐ ടി മുന്നോട്ട് വയ്ക്കുന്ന ഈ നിർദ്ദേശങ്ങൾക്ക് പ്രസക്തി ഏറെയാണ്. വരും കാലങ്ങളിൽ ഇൻസുലിൻ ഉപയോഗിക്കുന്ന ഓരോ ഇ ന്ത്യൻ പൗരനിലേക്കും ഈ നിർദ്ദേശങ്ങൾ എത്തിയ്ക്കാൻ എഫ് ഐ ടിയ്ക്ക് സാധി യ്ക്കുമെന്നാണ് എന്റെ പ്രതീക്ഷ.’’ അനന്തപുരി ഹോസ്പിറ്റിലിലെ ഡോ. അനീഷ് ഘോഷ് വ്യക്തമാക്കി.
വികസിത രാജ്യങ്ങളിൽ ഇതിനകം ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽ വന്നിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ ഇത് ആദ്യമായാണ് പ്രമേഹരോഗികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ രൂപീകരിക്കുന്നത്. ഇന്ത്യയിൽ പ്രമേഹ ബാധിതരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഇന്ത്യയിൽ 62.4 ദശലക്ഷം പ്രമേ ഹരോഗികളുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇത് 2030 ഓടെ 82 ദശലക്ഷം ആകുമത്രേ. പ്രമേഹരോഗികളിൽ 1.2 ദശലക്ഷം ജനങ്ങളും രോഗനിയന്ത്രണത്തിനായി ഇൻസുലിൻ കുത്തിവയ്പ്പിനെയാണ് ആശ്രയിക്കുന്നത്.
ഇൻസുലിൻ തെറാപ്പി പ്രമേഹരോഗനിയന്ത്രണത്തിലെ പ്രധാനഘടകമായതിനാൽ മരുന്ന് കുത്തിവയ്ക്കുന്നതിന്റെ ശാസ്ത്രീയ വശങ്ങൾ ഡോക്ടർമാർക്കൊപ്പം രോഗി കളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. കുത്തിവയ്ക്കുന്ന രീതികൾ, മരുന്നിന്റെ അള വ്, കുത്തിവയ്ക്കുന്ന ശരീരഭാഗം, സൂചി പിൻവലിക്കുന്നതിനെടുക്കുന്ന സമയം തുടങ്ങി നിരവധി കാര്യങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിലാണ് എഫ്

ഐ ടി ഇൻസുലിൻ കുത്തിവയ്പ്പിൽ പാലിക്കേണ്ട അടിസ്ഥാനങ്ങൾ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരിക്കുന്നത്. ഇത് ആരോഗ്യ വിദഗ്ദ്ധർക്കും പ്രമേഹരോഗികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്രദമാണ്.

**എഫ് ഐ ടി ഇന്ത്യ**

കൃത്യമായ ഇൻസുലിൻ കുത്തിവയ്പ്പിലൂടെ പ്രമേഹരോഗികൾക്ക് മികച്ച ആരോഗ്യ സ്ഥിതി പ്രദാനം ചെയ്യുക എന്ന ഉദ്ദേശവുമായി പ്രവർത്തിക്കുന്ന സ്വയംഭരണ സംഘടനയാണ് എഫ് ഐ ടി. നാല് വർഷങ്ങൾക്ക് മുമ്പ് 2009ൽ ഏഥൻസിൽ നടന്ന മൂന്നാമത് അന്താരാഷ്ട്ര ഇഞ്ചക്ഷൻ ടെക്നിക്ക് സമ്മേളനത്തിലാണ് എഫ് ഐടി രൂപീകൃതമായത്. ഈ സമ്മേളനത്തിൽവച്ചാണ് അന്താരാഷ്ട്രതലത്തിൽ ഇഞ്ചക്ഷൻ ടെക്നിക്കുകൾ രൂപീകരിക്കാൻ ഐകകണ്ഠേനെ തീരുമാനിച്ചത്. ലനിൽ 2010 ജൂണിൽ നടന്ന സിംമ്പോസിയത്തിൽ 40 വിദഗ്ദ്ധർ ചേർന്ന് ഈ നിർദ്ദേശങ്ങൾ രൂപീകരിച്ചു. ഇപ്പോൾ ഇന്ത്യയിൽ ആദ്യമായാണ് എഫ് ഐടിയുടെ ആഭിമുഖ്യത്തിൽ ഇങ്ങനെ പ്രമേഹരോഗികളുടെ ഇൻസുലിൻ കുത്തിവയ്പ്പിൽ ശ്രദ്ധിക്കേണ്ട വസ്തുതകളെ ഉൾക്കൊള്ളിച്ചുകൊ് നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരിക്കുന്നത്.

**കൂടുതൽ വിവരങ്ങൾക്ക്**
വിനയ് മോഹൻ
സിയാഹി- ദി കണ്ടന്റ് ആന്റ് പി ആർ പീപ്പിൾ
9037827814